**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **09-10-2024 - ൽ മറുപടിയ്ക്ക്**

**തിരുനാവായയിൽ എത്തിച്ചേരുന്ന ദേശാടന പക്ഷികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ തിരുനാവായയിൽ എത്തിച്ചേരുന്ന ദേശാടന പക്ഷികളെക്കുറിച്ച് സർക്കാർ ഔദ്യോഗികമായി പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ 2022-23 വർഷത്തിൽ തിരുനാവായിലെ സൗത്ത് പല്ലാർതിരുത്തി ഭാഗത്തെ പാടശേഖരങ്ങളിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം വെറ്റ് ലാൻഡ് ബേർഡ് സർവ്വെ നടത്തിയിട്ടുണ്ട്. |
| (ബി) | ഇവിടെ എത്തിച്ചേരുന്ന ദേശാടന പക്ഷികൾ ഏതെല്ലാമാണെന്ന വിവരം വനംവകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ അത് ലഭ്യമാക്കാമോ; | (ബി) | വെറ്റ് ലാൻഡ് ബേർഡ് സർവ്വേയിൽ ഏഷ്യൻ സ്റ്റോർക്ക്, ഗ്രേറ്റ് എഗ്രറ്റ്, ഓപ്പൽ ബിൽഡ് സ്റ്റോർക്ക്, ഗൾഡ്, ടേൺസ് തുടങ്ങിയ ദേശാടന പക്ഷികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഈ പ്രദേശത്ത് എത്തിച്ചേരുന്ന ദേശാടന പക്ഷികളുടെ സംരക്ഷണത്തിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | 2022 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വിവിധ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന ദേശാടന പക്ഷികളെ വേട്ടയാടുന്നത് കുറ്റകരമാണ്. ദേശാടന പക്ഷികൾ ഉൾപ്പടെയുള്ള പക്ഷികളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ബോധവത്കരണ ക്ലാസുകൾ നടത്തി വരാറുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഫോറസ്ട്രി ക്ലബ്ബുകൾ വഴി ബോധവത്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. ഈ പ്രദേശം നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയിഞ്ചിന്റെ പരിധിയിൽപെടുന്ന ഈ പ്രദേശ സംരക്ഷണത്തിനായി ഒരു താത്കാലിക വാച്ചറെ നിയമിച്ചിട്ടുണ്ട് |
| (ഡി) | ഈ പക്ഷികൾ വേട്ടയാടപ്പെടുന്നുവെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ദേശാടനപ്പക്ഷികൾ എത്തുന്ന തിരുനാവായയിലെ പ്രദേശം പക്ഷിസങ്കേതം ആയി പ്രഖ്യാപിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ